**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 242** **13-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. എ. രാജ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വലിയ തോതിൽ തൊഴിൽ സാധ്യത ഉള്ളതും അതേ സമയം പരിസ്ഥിതി ആഘാതം വളരെ കുറഞ്ഞതും താരതമ്യേന ഹ്രസ്വമായ തോതിലുള്ള മുതൽ മുടക്കം മാത്രം മതിയാകുന്നതിനാൽ ടൂറിസം സാധ്യത വൻതോതിൽ വിപുലപ്പെടുത്താൻ പരിപാടിയുണ്ടോ; | (എ) | ഉണ്ട്. ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കോവിഡാനന്തര ടൂറിസം പ്രവർത്തനങ്ങളുടെ തുടക്കമെന്ന നിലയിൽ തദ്ദേശീയമായ ടൂറിസത്തിന്റെ പ്രധാന്യം തിരിച്ചറിയാനും തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ സ്കീമുകളെ ടൂറിസം പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെ തന്നെ വികസനവുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത് തെരെഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപ വരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്. ഇതിനു പുറമെ, ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി സ്ട്രീറ്റ് പദ്ധതി, വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം,എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം /അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്കുള്ള പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ |

| | | | |
|---|---|---|---|
| | | | കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പിലാക്കി വരുന്നു.<br><br>ടൂറിസം വകുപ്പ് പുതുതായി പരിചയപ്പെടുത്തിയ കാരവൻ ടൂറിസവും തൊഴിൽ സാദ്ധ്യതകൾ കൂടി വർധിപ്പിക്കുന്നതാണ്. KTDC യുടെ നേതൃത്വത്തിൽ KSRTC ബസുകളെ ഉപയോഗപ്പെടുത്തി ഫുഡി വീൽസ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. |
| (ബി) | ഗ്രാമക്കാഴ്ചകൾ വിനോദ സഞ്ചാരികളിലേക്ക് എത്തിക്കുന്നതിനും വിനോദസഞ്ചാരത്തിന്റെ നേട്ടം ഗ്രാമങ്ങളിലേക്കെത്തിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഒരു വിനോദസഞ്ചാര കേന്ദ്രമെങ്കിലും വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ഗ്രാമക്കാഴ്ചകൾ വിനോദ സഞ്ചാരികളിലേക്ക് എത്തിക്കുന്നതിനും വിനോദസഞ്ചാരത്തിന്റെ നേട്ടം ഗ്രാമങ്ങളിലേക്കെത്തിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഒരു വിനോദസഞ്ചാര കേന്ദ്രമെങ്കിലും വികസിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 08.06.2022 ന് നടന്നു. തുടർന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി റിപ്പോർട്ട് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ്ലോഡ് ചെയ്യുകയും, ടൂറിസം വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ് |
| (സി) | ഇത്തരം വിനോദസഞ്ചാര കേന്ദ്രങ്ങളെ കോർത്തിണക്കി പ്രാദേശിക ടൂറിസം സർക്യൂട്ടുകൾ വികസിപ്പിച്ച് ആഭ്യന്തര, സംസ്ഥാനാന്തര, ദേശാന്തര വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? | (സി) | ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലൂടെ നിരവധി വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് സ്വദേശ-വിദേശ സഞ്ചാരികളെ ആകർഷിക്കാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതി നിലവിൽ പ്രാരംഭ ഘട്ടത്തിലാണ് ഉള്ളത്. ഇവയെ പ്രാദേശിക ടൂറിസം സർക്യൂട്ടുകളായി വികസിപ്പിക്കാനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ